The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer, or any other approved identity document along with the EMD through online. Those

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

who do not produce any approved identity card or certificate will not be eligible to participate in the e-auction.

Intending persons may ensure the quality of the above vehicles put up for e-auction before the commencement of the same and no complaints will be entertained after e-auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this tender cum auction. The unsold vehicles will be sold on the next auction date shown in the schedule. The vehicles involved in the finalize cases if any will also be included for e-auction. Separate notification will not be published for the same.

If any modification or change in the sale condition are intimated by the Additional Principal Chief Conservator of Forest (Protection), Thiruvananthapuram that will also be applicable to this E-Auction. The undersigned reserves the right to alter the number of vehicles mentioned above schedule or to cancel the e-auction of any vehicle without further notice

Further details and information can be had from Divisional Forest Office, Palakkad (Phone : 04912555156), Range Office, Olavakkode (Phone: 8547602072) Range Officer, Ottappalam (Phone - 8547602087) during working hours.

-

Palakkad
01.01.2026

Sd/-
Divisional Forest Officer
Palakkad
(For and on behalf of the Governor of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നിലമ്പൂർ നോർത്ത് ഡിവിഷൻ,
## ഡംമ്പിംഗ് ഡിപ്പോ ലേലം

KFDDO/560/2026-DFONLBRN/B2

നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിലുള്ള നിലമ്പൂർ ഫോറസ്റ്റ് റെയ്ഞ്ചിലെയും, എടവണ്ണ ഫോറസ്റ്റ് റെയിഞ്ചിലെയും വഴിക്കടവ് ഫോറസ്റ്റ് റെയിഞ്ചിലേയും വിവിധ തോട്ടങ്ങളിൽ നിന്നും ശേഖരിച്ചതും താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നതുമായ വിഭവങ്ങളുടെ ഇ-ലേലം പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള തിയ്യതികളിൽ നടത്തുന്നതായിരിക്കും. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ **09946473645**, **04391 220232, 04931 220005, 04931 221959** എന്നീ നമ്പറിൽ ബന്ധപ്പെടുക. 16.09.2014-ലെ വോള്യം III പാർട്ട് III 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21.08.2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 4.11.2014-ലെ വോള്യം III പാർട്ട് III 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17.10.2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 24.02.2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം IV പാർട്ട് III 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 03.02.2015-ലെ പ്രൊ.(4)-29243/2013 നമ്പർ വിജ്ഞാപനവും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള/പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും ഈ ലേലത്തിന് ബാധകമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നിലമ്പൂർ റെയിഞ്ച്

| ഇനം | അളവ് | ഡമ്പിംഗ് ഡിപ്പോ | ഇ-ലേല തിയ്യതികൾ |
|---|---|---|---|
| നിലമ്പൂർ റെയ്ഞ്ചിലെ വിവിധ തോട്ടങ്ങളിൽ നിന്നും സിൽവികൾച്ചറൽ തിന്നിംഗ് ഉൾപ്പടെയുള്ള പ്രവൃത്തികളിൽ നിന്നും ശേഖരിക്കുന്ന കഴകളും, വിറകുകളും, വീടിനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ചുനീക്കം ചെയ്ത തടികളും, കഴകളും, വിറകുകളും. | പ്രതീക്ഷിത അളവുകൾ | നിലമ്പൂർ റെയ്ഞ്ചിലെ വിവിധ ഡമ്പിംഗ് ഡിപ്പോകൾ | (ആദ്യ ഇ-ലേലം) 14.01.2026 (പകരം ഇ-ലേല തിയ്യതികൾ) 11.02.2026 13.02.2026 10.04.2026 11.05.2026 23.06.2026 20.07.2026 21.08.2026 28.09.2026 26.10.2026 24.11.2026 08.12.2026 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# എടവണ്ണ റെയിഞ്ച്

| ഇനം | അളവ് | ഡമ്പിംഗ് ഡിപ്പോ | ഇ-ലേല തിയ്യതികൾ |
|---|---|---|---|
| എടവണ്ണ റെയ്ഞ്ചിലെ വിവിധ തോട്ടങ്ങളിൽ നിന്നും സിൽവികൾച്ചറൽ തിന്നിംഗ്, അടക്കിമുറി ഉൾപ്പടെയുള്ള പ്രവൃത്തികളിൽ നിന്നും ശേഖരിക്കുന്ന കഴകളും, വിറകുകളും, വീടിനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ചുനീക്കം ചെയ്ത തടികളും, കഴകളും, വിറകുകളും. | പ്രതീക്ഷിത അളവുകൾ | എടവണ്ണ റെയ്ഞ്ചിലെ വിവിധ ഡമ്പിംഗ് ഡിപ്പോകൾ | (ആദ്യ ഇ-ലേലം) 20.01.2026 (പകരം ഇ-ലേല തിയ്യതികൾ) 24.02.2026 25.03.2026 23.04.2026 26.05.2026 10.06.2026 02.07.2026 05.08.2026 10.09.2026 07.10.2026 10.11.2026 16.12.2026 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# വഴിക്കടവ് റെയ്ഞ്ച്

| ഇനം | അളവ് | ഡമ്പിംഗ് ഡിപ്പോ | ഇ-ലേല തിയ്യതികൾ |
|---|---|---|---|
| വഴിക്കടവ് റെയ്ഞ്ചിലെ വിവിധ തോട്ടങ്ങളിൽ നിന്നും സിൽവികൾച്ചറൽ തിന്നിംഗ് ഉൾപ്പടെയുള്ള പ്രവൃത്തികളിൽ നിന്നും ശേഖരിക്കുന്ന കഴകളും, വിറകുകളും, വീടിനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ചുനീക്കം ചെയ്ത തടികളും, കഴകളും, വിറകുകളും. | പ്രതീക്ഷിത അളവുകൾ | വഴിക്കടവ് റെയ്ഞ്ചിലെ വിവിധ ഡമ്പിംഗ് ഡിപ്പോകൾ | (ആദ്യ ഇ-ലേലം) 13.01.2026 (പകരം ഇ-ലേല തിയ്യതികൾ) 03.02.2026 02.03.2026 06.04.2026 04.05.2026 15.06.2026 27.07.2026 13.08.2026 02.09.2026 16.10.2026 18.11.2026 03.12.2026 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# Out right sale

| ഇനം | അളവ് | ഇ-ലേല തിയ്യതികൾ |
|---|---|---|
| നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിലുള്ള നിലമ്പൂർ, എടവണ്ണ, വഴിക്കടവ് ഫോറസ്റ്റ് റെയിഞ്ചുകളിലെ വിവിധ തോട്ടങ്ങളിൽ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതും മറ്റുമായി നിൽക്കുന്ന പലജാതി മരങ്ങളും മുളകളും ഉൾപ്പെടെ ഉള്ളവയുടെ നിൽപ്പുലേലം (ഇ-ലേലം) | പ്രതീക്ഷിത അളവുകൾ | ((ആദ്യ ഇ-ലേലം) 22.01.2026 (പകരം ഇ-ലേല തിയ്യതികൾ) 16.02.2026, 26.02.2026,16.03.2026, 30.03.2026,20.04.2026, 29.04.2026,07.05.2026, 18.05.2026,03.06.2026, 18.06.2026,06.07.2026, 13.07.2026,03.08.2026, 10.08.2026,07.09.2026, 14.09.2026,05.10.2026, 12.10.2026,02.11.2026, 16.11.2026,05.12.2026, 10.12.2026 |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് ഡിവിഷനിൽ നിക്ഷിപ്തമായിരിക്കും. ഏതെങ്കിലും റെയ്ഞ്ചിലെ ഡമ്പിംഗ് ഡിപ്പോകളിൽ സ്റ്റോക്ക് കുറവായിരിക്കുമ്പോഴോ, മറ്റൊരു റെയ്ഞ്ചിലെ വനോത്പന്നങ്ങൾ അടിയന്തിരമായി വിറ്റഴിക്കേണ്ട സാഹചര്യം വരുമ്പോഴോ അത്തരം ലോട്ടുകൾ മറ്റൊരു റെയ്ഞ്ചിന്റെ ലേല ദിവസം ഉൾപ്പെടുത്തുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കുകൊള്ളുന്നതിന് **20,000/-** രൂപ നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടുതലേദിവസം വൈകുന്നേരം 6.00 മണിയ്ക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക ഇ-ട്രഷറി മുഖാന്തരമോ, ട്രഷറിയിൽ നേരിട്ടോ അടവാക്കേണ്ടതാണ്. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടവാക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ, നിലമ്പൂർ സബ് ട്രഷറിയിൽ പണമായോ അടവാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല നിബന്ധനകളിൽ ഗവണ്മെന്റോ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരമോ എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള വിറകിന്റേയും കഴകളുടേയും അളവ് ഉദ്ദേശമാണ്. അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. വിവിധ റെയിഞ്ചുകളിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി/ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ച് ശേഖരിക്കുന്ന വിഭവങ്ങളും ഡംപ്പിംഗ് ഡിപ്പോ ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്. ഒഴിവാക്കാനാകാത്ത അടിയന്തര സാഹചര്യങ്ങളിൽ ഒരു റെയിഞ്ചിലെ ഡംപ്പിംഗ് ഡിപ്പോയിക്ക് നോട്ടിഫൈ ചെയ്തിട്ടുള്ള തിയ്യതിയിൽ മറ്റ് റെയിഞ്ചുകളിലെ ഡംപ്പിംഗ് ഡിപ്പോ ലേലം നടത്തുന്നതായിരിക്കും. ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ/ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ നോർത്ത് ഡിവിഷൻ,
നിലമ്പൂർ, മലപ്പുറം ജില്ല – 679 329.
ഇ-മെയിൽ: dfo-nlbrn.for@kerala.gov.in
dfo.nilamburnorth@gmail.com
ഫോൺ നമ്പർ : 04931 220232.

റെയ്ഞ്ച് ഫോറസ്റ്റ്ഓഫീസർ,നിലമ്പൂർ റെയ്ഞ്ച്,
ഇ-മെയിൽ: rangeforestofficernbr@gmail.com
ഫോൺ നമ്പർ: 04931 220005
റെയ്ഞ്ച് ഫോറസ്റ്റ്ഓഫീസർ, എടവണ്ണ റെയ്ഞ്ച്,
ഇ-മെയിൽ: roedavanna@gmail.com
ഫോൺ നമ്പർ: 04931 221959
റെയ്ഞ്ച് ഫോറസ്റ്റ്ഓഫീസർ, വഴിക്കടവ് റെയ്ഞ്ച്,
ഇ-മെയിൽ: rfovkd@gmail.com
ഫോൺ നമ്പർ: 04931 275322

ഒപ്പ്/-

സ്ഥലം: നിലമ്പൂർ
തിയതി: 06/012026

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ നോർത്ത് ഡിവിഷൻ.
(കേരളാ ഗവർണ്ണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**സൗത്ത് വയനാട് ഡിവിഷൻ**

ലേല പരസ്യം

നമ്പർ KFDDO/71508/2025-DFOWYNDS/B1. 2025 ഡിസംബർ 30.

സൗത്ത് വയനാട് ഡിവിഷനിലെ താഴെ പട്ടികയിൽ കാണിച്ച റെയിഞ്ചുകളിലെ വിവിധ ഫോറസ്റ്റ് കേസുകളിൽപ്പെട്ടതും സർക്കാരിലേക്ക് കണ്ടുകെട്ടുകയോ കോടതിയുടെ അനുമതി ലഭിക്കുകയോ ചെയ്തിട്ടുള്ളതുമായ തൊണ്ടി സാധനങ്ങളും മറ്റുവിധത്തിൽ ശേഖരിക്കപ്പെടുകയും സർക്കാർ ഡിപ്പോയിൽ എത്തിച്ച് വിൽപ്പന നടത്താൻ കഴിയാത്തതുമായ മരത്തടികളും അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ കാണിച്ച തീയതികളിൽ പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

പട്ടിക

| മാസം | തീയതി | | |
|---|---|---|---|
| | കൽപ്പറ്റ റെയിഞ്ച് | മേപ്പാടി റെയിഞ്ച് | ചെതലത്ത് റെയിഞ്ച് |
| 2026 ജനുവരി | 12, 20 | 13, 21 | 14, 22 |
| 2026 ഫെബ്രുവരി | 10, 17 | 11, 18 | 12, 19 |
| 2026 മാർച്ച് | 4, 16 | 5, 17 | 9, 18 |
| 2026 ഏപ്രിൽ | 6, 20 | 7, 21 | 8, 22 |
| 2026 മേയ് | 4, 18 | 5, 19 | 6, 20 |
| 2026 ജൂൺ | 8, 22 | 9, 23 | 10, 29 |
| 2026 ജൂലൈ | 6, 20 | 7, 21 | 8, 22 |
| 2026 ഓഗസ്റ്റ് | 3, 17 | 4, 18 | 5, 19 |
| 2026 സെപ്റ്റംബർ | 7, 22 | 8, 23 | 9, 24 |
| 2026 ഒക്ടോബർ | 5, 26 | 6, 27 | 7, 28 |
| 2026 നവംബർ | 9, 23 | 10, 24 | 11, 25 |
| 2026 ഡിസംബർ | 7, 21 | 8, 22 | 9, 23 |

**നിബന്ധനകൾ**

1. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

2. താഴെ പറയുന്ന വ്യവസ്ഥകൾക്ക് പുറമേ സർക്കാർ തടി ഡിപ്പോകളിൽ കാലാകാലങ്ങളിൽ നിലവിലുള്ള മറ്റ് ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

(എ) ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരിച്ചറിയൽ സർട്ടിഫിക്കറ്റോ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ മറ്റ് അംഗീകൃത തിരിച്ചറിയൽ കാർഡുകളോ ഹാജരാക്കേണ്ടതും ₹ 5,000 ലേലത്തിന് മുമ്പ് നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതുമാണ്.

(ബി) ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലത്തുക ₹10,000-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലക്കാരൻ തൽസമയം ഒടുക്കേണ്ടതാണ്. ലേലത്തുക ₹ 10000-ൽ കൂടുതലാണെങ്കിൽ മൂന്നിലൊന്ന് ഭാഗം ലേലത്തുകയോ ₹10,000-മോ ഏതാണ് കൂടുതൽ ആ സംഖ്യ ലേലം കഴിഞ്ഞ ഉടനെ അടയ്ക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്നപക്ഷം ലേലം റദ്ദാക്കപ്പെടുന്നതും കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പുനർലേലം ചെയ്ത് വിൽക്കുന്നതുമാണ്. തൻമൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ മുഖേനയോ മറ്റ് ഉചിത മാർഗ്ഗേണയോ ഈടാക്കുന്നതുമാണ്.

(സി) പുനർലേലം ലാഭകരമായിരുന്നാൽ അതിൻമേൽ മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

3. ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങളുടെ ബാക്കി വിലയും ചരക്ക് സേവന നികുതിയും വന വികസന നികുതിയും ആദായ നികുതിയും നിലവിലുള്ള നിരക്കുകളിൽ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന ദിവസം മുതൽ 30 ദിവസത്തിനകം സർക്കാരിലേക്ക് അടച്ച് പാസ്സ് വാങ്ങി സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. അപ്രകാരം പണം അടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ നിയമാനുസരണം പിഴപ്പലിശയും തറവാടകയും ഈടാക്കി മതിയായ കാരണങ്ങളാൽ സാധനങ്ങൾ നീക്കം ചെയ്യാൻ മുപ്പത് ദിവസം കൂടി ഫോറസ്റ്റ് റെയിഞ്ചാഫീസർമാർക്ക് അനുവദിക്കാവുന്നതാണ്. ടി സമയപരിധിക്കുള്ളിലും പണമടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ സാധനങ്ങൾ നഷ്ടപ്പെടുകയോ നശിച്ച് പോവുകയോ, ഗുണം കുറയുകയോ ചെയ്താൽ ആയതിന് സർക്കാർ ഒരിക്കലും ഉത്തരവാദിയാകുന്നതല്ല. മേൽ പറഞ്ഞ സമയപരിധി കഴിഞ്ഞ് നീക്കം ചെയ്യാതെ കിടക്കുന്ന സാധനങ്ങൾ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ലേലം കൊണ്ട ആൾക്ക് സാധനങ്ങളിൻമേൽ യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ടി സാധനങ്ങൾ മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതും തൻമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി മുഖേനയോ മറ്റ് ഉചിത മാർഗ്ഗേണയോ ഈടാക്കുന്നതായിരിക്കും. പുനർലേലം ലാഭകരമായിരുന്നാൽ ആയതിൻമേൽ യായൊരു അവകാശവും മുൻലേലക്കാരന് ഇല്ലാത്തതുമാകുന്നു.

4. ലേല വസ്തുക്കൾ നീക്കം ചെയ്യുന്നതിന് മുമ്പ് നിയമപ്രകാരമുള്ള ചരക്ക് സേവന നികുതി, വനവികസന നികുതി, ആദായ നികുതി തുടങ്ങിയവ അടയ്ക്കേണ്ടതാകുന്നു.

5. കോടതിയിൽ നിന്ന് പ്രത്യേക അനുമതി നേടി ലേലം ചെയ്യുന്ന തൊണ്ടി വസ്തുക്കളുടെ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്.

6. ലേലത്തിൽ പങ്കുകൊള്ളുന്നവർ ലേലസമയത്തിന് മുൻപായി ലേലത്തിൽ വെച്ചിരിക്കുന്ന തൊണ്ടിവഹകളുടെ നിലവാരം, ഇനം, അളവ് മുതലായവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഈ വക കാര്യങ്ങൾ ബന്ധപ്പെട്ട റെയിഞ്ചാഫീസർമാരിൽ നിന്നും ലഭ്യമായിരിക്കും. ലേലം നടന്ന ശേഷം ലേലത്തിൽ കൊണ്ട തൊണ്ടിവഹകളുടെ അളവിലോ ഗുണനിലവാരത്തിലോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യത്യാസമുള്ളതായി പരാതിപ്പെട്ടാൽ ആയത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

7. ലേലത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അതാത് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതാണ്.

8. 20-12-2011-ലെ കേരള ഗവൺമെന്റ് ഗസറ്റ് നമ്പർ 50-ൽ പ്രസിദ്ധപ്പെടുത്തിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 7-12-11-ലെ നമ്പർ പ്രൊ (5) 4668/11 ലേല വ്യവസ്ഥകളും കാലാകാലങ്ങളിൽ ലേലം സംബന്ധിച്ച് വകുപ്പ്/ സർക്കാർ തലത്തിൽ പുറപ്പെടുവിച്ച മറ്റ് ഉത്തരവുകളും മേൽ ലേലങ്ങൾക്കും ബാധകമായിരിക്കും.

9. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് PAN, ആധാർ കാർഡ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കാസറഗോഡ് ഡിവിഷൻ

## ദർഘാസ് പരസ്യം

KFDDO/**2168/2025**-DFOKSGD/E **തീയതി:**
**29.12.2025**

**കാസറഗോഡ് വനം ഡിവിഷനിലെ കാസറഗോഡ്, കാഞ്ഞങ്ങാട് റെയിഞ്ചുകളിലെ വിവിധ വനം കേസുകളിൽപെട്ടതും സർക്കാരിലേക്ക് കണ്ടുകെട്ടുകയോ കോടതിയുടെ അനുമതി ലഭിക്കുകയോ ചെയ്തിട്ടുള്ളതുമായ തൊണ്ടിസാധനങ്ങളും മറ്റുവിധത്തിൽ ശേഖരിക്കപ്പെടുകയും സർക്കാർ ഡിപ്പോയിൽ എത്തിച്ചു വിൽപ്പന നടത്താൻ കഴിയാത്തതുമായ മരത്തടികളും അതാതു റെയിഞ്ചുകളിൽ വെച്ച് അതാത് സമയം നിലവിലുള്ള സർക്കാർ തടി ഡിപ്പോകളിലെ വ്യവസ്ഥകൾ അനുസരിച്ച് കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ താഴെ പട്ടികയിൽ കാണിച്ച തീയതികളിൽ രാവിലെ 11 മണിക്ക് ടെണ്ടർ/ലേലം ചെയ്തു വിൽക്കുന്നതായിരിക്കും. വനം വകുപ്പിൽ നിലവിലുള്ള ലേല നിബന്ധനകളും സർക്കാർ ഡിപ്പോവിൽ നിലവിലുള്ള ടെണ്ടർ/ലേലം വ്യവസ്ഥകളും ഈ ടെണ്ടർ ലേലത്തിനും ബാധകമായിരിക്കും. ലേലദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതായിരിക്കും. വ്യവസ്ഥയിൽ വല്ലമാറ്റവും വരികയാണെങ്കിൽ ആയത് ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ലേലത്തിന് മുൻപായി വായിച്ചു കേൾപ്പിക്കുന്നതായിരിക്കും.**

| റെയിഞ്ച് | ജനുവരി 2025 | ഫെബ്രുവരി 2025 | മാർച്ച് 2025 | ഏപ്രിൽ 2025 | മെയ് 2025 | ജൂൺ 2025 | ജൂലൈ 2025 | ഓഗസ്റ്റ് 2025 | സെപ്തംബർ 2025 | ഒക്ടോബർ 2025 | നവംബർ 2025 | ഡിസംബർ 2025 |
|---|---|---|---|---|---|---|---|---|---|---|---|---|
| കാസറഗോഡ് | 23 | 21 | 24 | 24 | 22 | 23 | 24 | 21 | 24 | 24 | 25 | 23 |
| കാഞ്ഞങ്ങാട് | 29 | 25 | 27 | 28 | 29 | 27 | 29 | 22 | 26 | 28 | 27 | 29 |

**ഒപ്പ്**

ജോസ് മാത്യു
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,**
**(കേരള ഗവർണ്ണർക്കു വേണ്ടി)**

**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്**
**കാസറഗോഡ്**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
D:\Office Matters\KGF\2025\2168-25 Dtd 29.12.2025 Thondy Auction Gazette Notifi x

## കാസറഗോഡ് ഡിവിഷൻ

ലേല പരസ്യം

നമ്പർ KFDDO-71741/2025-DFOKSGD/A4. 2026 ജനുവരി 3.

കാസറഗോഡ് ഡിവിഷനിലെ കാസറഗോഡ് റെയിഞ്ചിലെ താഴെ പട്ടികയിൽ വിവരിക്കുന്ന കശുമാവിൻ തോട്ടങ്ങളിൽനിന്നും 2026 ജൂൺ 30 വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് കൊണ്ടുപോകുന്നതിനുള്ള അവകാശം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ താഴെപ്പറയുന്ന ലേല നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാകുന്നു.

1. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് അടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

2. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം ലേലത്തിന് മുമ്പായി കശുവണ്ടി ശേഖരണത്തിന് ഓരോ യൂണിറ്റിനും ₹ 3,000 വീതം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേല വിജ്ഞാപനത്തിലെ വ്യവസ്ഥകൾ അംഗീകരിച്ചതായി ഒപ്പിടേണ്ടതുമാണ്.

3. ലേലത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടുമുമ്പുള്ള പ്രവൃത്തി ദിവസം 3 മണിവരെ ഓരോ യൂണിറ്റിനും പ്രത്യേകം സീൽ ചെയ്ത ലേലപ്പേപ്പറുകൾ സ്വീകരിക്കുന്നതാണ്. ലേല ഫോറത്തിന്റെ കൂടെ നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ₹ 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടിയും സമർപ്പിക്കേണ്ടതുമാണ്. ലേല ഫോറങ്ങൾ കാസറഗോഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും ലേല ദിവസത്തിനു തൊട്ടുമുമ്പുള്ള പ്രവൃത്തി ദിവസം ഒരു മണിവരെ നിശ്ചിത വിലയും വിൽപ്പന നികുതിയും അടച്ചാൽ ലഭിക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ലേല പേപ്പറുകൾ പരിഗണിക്കുന്നതല്ല. വിളിച്ചെടുക്കാനുദ്ദേശിക്കുന്ന കശുവണ്ടി തോട്ടത്തിന്റെ പേരും യൂണിറ്റ് നമ്പർ, ഉദ്ദേശിക്കുന്ന വില എന്നിവയും ലേലത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ യൂണിറ്റിനും ഏറ്റവും ഉയർന്ന തുക ലേലം കൊണ്ടയാളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ലേലത്തുക വകുപ്പിന്/സർക്കാരിന് ലാഭകരമായി ബോദ്ധ്യപ്പെടാത്തപക്ഷം ടി യൂണിറ്റിന്റെ ലേല വിൽപ്പന റദ്ദ് ചെയ്യുന്നതാണ്. ലേല ഫോറം വാങ്ങിച്ചവർ ഉൾപ്പെടെ ആർക്കും നിശ്ചിത തുക നിരതദ്രവ്യം ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

4. ലേലത്തിൽ പങ്കുകൊള്ളുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റും (ആറുമാസത്തിനുള്ളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയത്) ആദായ നികുതി വകുപ്പ് അനുവദിക്കുന്ന പാൻ കാർഡിന്റെ പകർപ്പും നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുമ്പായി ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ഒരു സർട്ടിഫിക്കറ്റും ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

5. ലേലത്തിനുശേഷം യാതൊരു തരത്തിലുള്ള പരാതികളും പരിഗണിക്കുന്നതല്ല എന്നതിനാൽ ലേലത്തിൽ പങ്കുകൊള്ളുന്നവർ ലേലത്തിന് മുമ്പ് തോട്ടങ്ങൾ പരിശോധിച്ച് വിളവുകളുടെ തരവും ഗുണവും മറ്റും നല്ലതുപോലെ ബോദ്ധ്യപ്പെടേണ്ടതാണ്.

6. ലേലത്തിൽ വയ്ക്കുന്ന യൂണിറ്റിന്റെ ചാർജ്ജ് വഹിക്കുന്നതും അവ നിയന്ത്രിക്കുന്നതും ആയ സർക്കാർ സേവകന്റെ ബന്ധുക്കൾക്ക് ലേലത്തിൽ പങ്കെടുക്കുവാനോ കരാർ എടുക്കുവാനോ പാടില്ല.

കുറിപ്പ്:—ഇതുപ്രകാരം ബന്ധുക്കൾ എന്നതിന് വിവക്ഷം അച്ഛൻ, അമ്മ, പുത്രൻ, പുത്രി, സഹോദരൻ, സഹോദരി, നേരമ്മാവൻ, അനന്തരവൻ, ഭാര്യയുടെയോ ഭർത്താവിന്റെയോ അച്ഛൻ, മരുമകൻ തുടങ്ങിയ 31-1-1967-ലെ ജി. ഒ. (എം എസ്.) 3/പി.എൻ. നമ്പർ സർക്കാർ ഉത്തരവിൽ വിവരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. ലേലം നടത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ചോ വല്ല പരാതികളും ഉൽഭവിക്കുകയാണെങ്കിൽ അതു സംബന്ധിച്ച് ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

8. ഓരോ യൂണിറ്റ് ലേലം കൊണ്ട ആൾ ലേലത്തുക ₹ 10,000-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ₹ 10,000-ൽ കൂടുതലാണെങ്കിൽ ചുരുങ്ങിയത് ₹ 10,000-മോ ലേലത്തുകയുടെ മൂന്നിൽ ഒന്നോ ഏതാണ് കൂടുതൽ അത് നിരതദ്രവ്യം ഉൾപ്പെടെ കെട്ടിവയ്ക്കേണ്ടതാണ്. ഇതിന് വീഴ്ചവരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കശുവണ്ടി ശേഖരിക്കുന്നതിനുള്ള അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതുമായിരിക്കും. അങ്ങനെയുള്ള ലേലത്തിൽ വീഴ്ചക്കാരനെ പുനർലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. ലേലത്തിൽ പരാജയപ്പെട്ടവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടനെ അവർക്ക് തിരിച്ചുനൽകുന്നതായിരിക്കും.

9. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലംകൊണ്ട ആളിനെ അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃതമായ നികുതികളും ലേലത്തുകയുടെ 10% വരുന്ന സെക്യൂരിറ്റി തുകയും കുറഞ്ഞത് ₹ 500 അടച്ച് മുഴുവൻ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി ₹ 200-ന്റെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി ഒപ്പ് വെയ്ക്കേണ്ടതാണ്.

10. തക്കതായ കാരണമുണ്ടെങ്കിൽ 15 ദിവസത്തിനകം പ്രസ്തുത തുകകൾ അടയ്ക്കുന്നതിനും കരാർ ഒപ്പ് വെയ്ക്കുന്നതിനും സാധിക്കാതെ വന്നാൽ ആയതിന് 18% പലിശയോടുകൂടി 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഇപ്രകാരം ദിവസം ഒന്നിന് ₹ 25 വച്ച് പിഴ ഈടാക്കുന്നതുമാണ്.

11. പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുക അടയ്ക്കാൻ വീഴ്ച വരുത്തിയാൽ 24% പലിശയോടുകൂടി 15 ദിവസം കൂടി കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തമാണെന്ന് തോന്നുന്നപക്ഷം അനുവദിക്കാവുന്നതാണ്.

12. പ്രസ്തുത തുക അടയ്ക്കുകയും ഉടമ്പടി വെയ്ക്കാൻ സാധിക്കാതെ വരികയും ചെയ്താൽ ദിവസം ഒന്നിന് ₹ 10 വച്ച് പിഴ ഈടാക്കി ഉടമ്പടി വെയ്ക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

13. പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുകകൾ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം ലേലംകൊണ്ട ആളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതും അതിൽ നിന്നുണ്ടാകുന്ന നഷ്ടത്തിന് ആദ്യലേലക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം കിട്ടിയാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം വരുന്ന തുക കുടിശ്ശികയായി പരിഗണിച്ച് നിശ്ചിത തീയതിക്കകം ഒടുക്കിയില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്.

14. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലം കൊണ്ടയാളിനെ അറിയിക്കുകയും ടിയാൻ ലേലത്തുക അടയ്ക്കുകയും ചെയ്തതിനുശേഷം കശുവണ്ടി ശേഖരണം ടിയാൻ നടത്താതിരിക്കുകയോ ടിയാന് നടത്താൻ സാധിക്കാതിരിക്കുകയോ ചെയ്താൽ അടച്ച ലേലത്തുക ടിയാന് തിരിച്ചു ലഭിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനും യാതൊരുവിധ അവകാശവുമുണ്ടായിരിക്കുന്നതല്ല.

15. ലേലത്തിൽ വിജയിക്കുന്ന ആൾ 9-3-1976-ലെ കേരള സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയ 23-2-1976-ലെ ജി. ഒ. (പി) 62/76/എ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16. ലേലംകൊണ്ട ആൾ കരാറിൽ ഒപ്പുവച്ചശേഷം ശേഖരിക്കുന്ന കശുവണ്ടി മുഴുവൻ 1976-ലെ കേരള അസംസ്കൃത കശുവണ്ടി (വിതരണവും വിപണനവും) ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് കശുവണ്ടി കുത്തക സംഭരണത്തിനും അതാത് കാലത്ത് നിശ്ചയിക്കുന്നതും ഏജൻസിക്കും സർക്കാർ അപ്പോൾ നിശ്ചയിക്കുന്ന വില നിരക്ക് അനുസരിച്ച് വിൽക്കേണ്ടതാണ്.

17. നഴ്സറികൾ ഉണ്ടാക്കുന്നതിന് ആവശ്യമുള്ളപക്ഷം കശുമാവ് തോട്ടങ്ങളിൽ നിന്ന് നല്ലതരം കശുവണ്ടി വിത്തുകൾ അംഗീകൃത വില നൽകി തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം വനം വകുപ്പിന് ഉണ്ടായിരിക്കും.

18. കരാർ കാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുറ്റുമുള്ള കാടുകൾ 5 മീറ്റർ ചുറ്റളവിൽ കരാറുകാരൻ തന്നെ വെട്ടി നീക്കം ചെയ്തിരിക്കണം. തോട്ടത്തിൽ യാതൊരു കാരണവശാലും കള പിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. കാട്ടുതീ മൂലമോ ഉണക്കു മൂലമോ മറ്റ് വല്ലവിധത്തിലുള്ള കാരണങ്ങളിലൂടെയോ എന്തെങ്കിലും നഷ്ടം നേരിട്ടാൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

19. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ പാട്ടത്തിനെടുത്ത സ്ഥലം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാനോ സ്ഥലം മുഴുവനായോ ഭാഗികമായോ ഏൽപ്പിച്ചുകൊടുക്കുവാനോ പാടുള്ളതല്ല. അങ്ങനെ നൽകാനുള്ള അപേക്ഷ യാതൊരു കാരണവും കാണിക്കാതെ തള്ളാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കും.

20. മുകളിൽ 8-ാം നമ്പർ വ്യവസ്ഥയിൽ നിബന്ധനകൾ പൂർത്തീകരിച്ചതിന് ശേഷം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും രേഖാമൂലമുള്ള അനുവാദം വാങ്ങിയതിനുശേഷം മാത്രമേ ലേലക്കാരൻ പാട്ടസ്ഥലത്തു പ്രവേശിക്കുവാൻ പാടുള്ളൂ. അങ്ങനെയുള്ള അംഗീകാരം കിട്ടുന്നതിന് മുമ്പ് സ്ഥലത്ത് പ്രവേശിക്കുന്നത് കയ്യേറ്റമായി കണക്കാക്കുകയും അതിന് ലേലക്കാരന് എതിരെ കേരള വനനിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

21. ലേലവില ₹ 1,000-ന് മുകളിലും ₹ 5,000-ന് താഴെയും ആണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കിക്കിട്ടുന്നതിന് വിൽപ്പന നികുതിയോടൊപ്പം കാർഷിക നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ലേലസംഖ്യ ₹ 5,000-മോ അതിനുമുകളിലോ ആണെങ്കിൽ വിൽപ്പന നികുതിയുടെയും കാർഷികാദായ നികുതിയുടെ പുറമെ ആദായ നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം. കേസ് സംബന്ധിച്ച് വല്ല കുടിശ്ശികകളും ഉണ്ടെങ്കിൽ ആയത് സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുന്നതായിരിക്കും. കരാറുകാരൻ കേരള സംസ്ഥാനത്തിന് പുറത്ത് ബിസിനസ് ചെയ്യുന്ന ആളാണെങ്കിൽ ആദായ നികുതിക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി.

22. വല്ല കാരണവശാലും കരാർ റദ്ദാക്കേണ്ടി വരുന്നതാകയാൽ മുകളിൽ വിവരിച്ച പ്രകാരമുള്ള പിഴകൾക്ക് പുറമെ കരാറുകാരനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏജന്റോ കരാർ റദ്ദാക്കിയ തീയതിക്കോ അതിനുമുമ്പോ ശേഖരിച്ചിട്ടുള്ളതും നീക്കം ചെയ്യാതെ സ്ഥലത്തു കിടക്കുന്നതുമായ എല്ലാ ഉൽപ്പന്നങ്ങളും കസ്റ്റഡിയിൽ എടുത്ത് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതായിരിക്കും. അങ്ങനെയുള്ള കാര്യത്തിൽ കരാറുകാരന് യാതൊരു നഷ്ടപരിഹാരത്തിനോ അതനുസരിച്ച് ഉൽപ്പന്നങ്ങൾ വിറ്റുകിട്ടുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

23. കരാറുകാരനും അദ്ദേഹത്തിന്റെ അംഗീകൃത ഏജന്റും പണിക്കാരും കേരള ഫോറസ്റ്റ് നിയമത്തിലെ എല്ലാ നിയമങ്ങളും നിബന്ധനകളും ചട്ടങ്ങളും പാലിക്കേണ്ടതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് അവർ ആവശ്യപ്പെടുകയാണെങ്കിൽ കാട്ടുതീയിൽ നിന്നും മറ്റും വനസംരക്ഷണത്തിനും പാട്ടസ്ഥലത്തോ അതിനടുത്ത സ്ഥലങ്ങളിലോ ഉണ്ടാകുന്ന വനംകുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും വേണ്ട എല്ലാ സഹായങ്ങളും നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

24. ഉൽപ്പന്നങ്ങൾ പാട്ടസ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ പാസ്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്നതായിരിക്കും. ശേഖരിക്കുന്ന ഉൽപ്പന്നത്തിന്റെ അളവ് കരാറുകാരൻ നൽകുന്നത് മാസാന്ത്യ കണക്കുകളിൽ കാണിക്കുന്നത് ഡിപ്പാർട്ടുമെന്റിൽ നൽകുന്ന പാസ്സുകളുമായി ബന്ധപ്പെട്ടതായിരിക്കണം. പാട്ടസ്ഥലത്തിന് പുറമേയുള്ള വനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല. കരാർ സ്ഥലത്തുനിന്നും സാധനങ്ങൾ രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെ മാത്രമേ നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.

25. നിയമാനുസൃതമായി ലേലത്തിനുശേഷം നൽകുന്ന വാഗ്ദാനങ്ങൾ വല്ലതും ഉണ്ടെങ്കിൽ അവ സ്വീകരിച്ച് നിയമാനുസൃതമായ നടപടികൾ അതിൻമേൽ കൈക്കൊള്ളുന്നതായിരിക്കും.

26. കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിനും കശുവണ്ടി സൂക്ഷിക്കുന്നതിനും 45 സ്ക്വയർ മീറ്ററിന് ₹ 5 പ്രകാരം 1 ഷെഡ് കൂപ്പിനുള്ളിൽ പണിയുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്ക് മുമ്പായി ഷെഡ് കരാറുകാരൻ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പൊളിച്ചു നീക്കം ചെയ്യുന്നതും അതിനുവരുന്ന ചെലവ് കരാറുകാരനിൽ നിന്നും പിടിച്ചെടുക്കുന്നതുമായിരിക്കും. ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ നിലവിലുള്ള സീനിയറേജ് റേറ്റ് പ്രകാരം കാട്ടിൽ നിന്നും സൗകര്യമുള്ളപക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.

27. കരാർ കാലാവധി തീരുന്നതുവരെ ഓരോ യൂണിറ്റിലെയും വീഡിംഗ് പ്രവൃത്തി ടി യൂണിറ്റുകൾ ലേലത്തിനെടുത്ത ആളുകൾ തന്നെ സ്വന്തം ചെലവിൽ ചെയ്യേണ്ടതുമാണ്.

28. ലേലത്തിനുശേഷം ലേല സംഖ്യയേക്കാൾ കൂടുതൽ വില കൊടുക്കുവാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് നൽകുന്ന വാഗ്ദാനങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്വീകരിക്കുന്നതായിരിക്കും.

(എ) ലേല സംഖ്യ ₹ 1 ലക്ഷമോ അതിൽ കൂടുതലോ ആണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 10% ത്തേക്കാൾ കുറയാൻ പാടില്ല.

(ബി) ലേല സംഖ്യ ₹ 1 ലക്ഷത്തേക്കാൾ കുറവാണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 20%-ൽ കുറയാൻ പാടില്ല.

(സി) ലേലക്കാരൻ, ലേല ദിവസം കെട്ടിയ സംഖ്യയുടെ ഇരട്ടി സംഖ്യ ജാമ്യമായി അടയ്ക്കേണ്ടതാണ്.

(ഡി) ലേലത്തീയതി മുതൽ 7 ദിവസത്തിനകം വാഗ്ദാനം (പോസ്റ്റ് ഓഫർ) ഈ ഓഫീസിൽ ലഭിച്ചിരിക്കണം.

(ഇ) വാഗ്ദാനങ്ങൾ നൽകിയ അപേക്ഷ കണക്കിലെടുത്ത് അയയ്ക്കുന്ന നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം ടി സംഖ്യ ട്രഷറിയിൽ അടച്ച് ചെലാൻ രസീത് ഹാജരാക്കണം.

(എഫ്) വാഗ്ദാനക്കാരൻ ₹ 200-ന്റെ മുദ്രപ്പത്രത്തിൽ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മുമ്പാകെ മേൽ നിബന്ധനകൾ സ്വീകാര്യമാണെന്ന ഉടമ്പടി വയ്ക്കേണ്ടതാണ്.

(ജി) മേൽ നിബന്ധനകൾ അനുസരിച്ചാൽ ആവശ്യമായ പരസ്യം നൽകി പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ മുൻലേലത്തേക്കാൾ കുറഞ്ഞ സംഖ്യ മാത്രമേ ലഭിച്ചിട്ടുള്ളൂവെങ്കിൽ വാഗ്ദാനക്കാരന് നൽകുന്നതായിരിക്കും. എന്നാൽ കൂടുതൽ സംഖ്യയ്ക്ക് ലേലം നടന്നാൽ കൂടുതൽ സംഖ്യയ്ക്ക് ലേലം കൊണ്ട ആൾക്ക് നൽകുന്നതുമാണ്. കൂടുതൽ വിവരങ്ങൾ ഈ ഓഫീസിലോ ബന്ധപ്പെട്ട റെയിഞ്ച് ആഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

29. താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന യൂണിറ്റുകളിൽ ഏതെങ്കിലും യൂണിറ്റിന്റെ ലേലം ഭാഗികമായോ മുഴുവനായോ നിർത്തി വയ്ക്കുന്നതിനുള്ള അധികാരവും അവകാശവും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതും അങ്ങനെ നിർത്തിവെയ്ക്കുന്ന വിവരങ്ങൾ ലേലത്തിന് മുമ്പായി അറിയിക്കുന്നതുമാണ്.

നിരതദ്രവ്യം—₹ 3,000.

ലേല ഫോറത്തിന്റെ വില—₹ 500 + 12% ജി.എസ്.ടി.

പട്ടിക-1

| യൂണിറ്റ് | റെയിഞ്ച് | യൂണിറ്റിന്റെ വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ | ലേലം ചെയ്യുന്ന തീയതി, സമയം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കാസറഗോഡ് | 1939 തോട്ടം കൂപ്പ് 6 കാറഡുക്ക 21 ഹെക്ടർ | 58 | കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് 13-1-2026-ന് രാവിലെ 11.30 മണിക്ക് |
| | ടി | 1939 " 7 " 22 " | | |
| | ടി | 1940 " 8 " 15 " | | |
| 2 | ടി | 1941 " 9 " 21 "<br>1943 " 10 " 24 "<br>1944 " 11 " 21 " | 66 | ടി |
| 3 | ടി | 1945 "18 (ഭാഗം) & 19 (ഭാഗം) കാറഡുക്ക | 20 | ടി |
| 4 | ടി | 1959 തോട്ടം കൂപ്പ് 19 (ഭാഗം) കാറഡുക്ക 20, 11 (ഭാഗം) | 61 | ടി |
| 5 | ടി | 1960 തോട്ടം കൂപ്പ് 12,13,14,17 കാറഡുക്ക | 56 | ടി |
| 6 | ടി | 1959 തോട്ടം കൂപ്പ് 25 (ഭാഗം മുളിയാർ) | 13 | ടി |
| 7 | ടി | 1941 തോട്ടം കൂപ്പ് 3 മുളിയാർ | 51 | ടി |
| 8 | ടി | 1945 തോട്ടം കൂപ്പ് 6 (ഭാഗം)<br>1948 തോട്ടം കൂപ്പ് 7 (ഭാഗം) | 23 | ടി |
| 9 | ടി | 1946, 1948, 1949, 1950 തോട്ടം മുളിയാർ | 77 | ടി |
| 10 | ടി | കാസറഗോഡ് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ വനങ്ങളിൽ നിന്നും | 51 | ടി |
| 11 | ടി | 1961 തോട്ടം കാറഡുക്ക | 24 | ടി |
| 12 | ടി | 1972 തോട്ടം കാറഡുക്ക | 40 | ടി |
| 13 | ടി | 1976 തോട്ടം കാറഡുക്ക | 40 | ടി |
| 14 | ടി | 1978 തോട്ടം കാറഡുക്ക | 152.72 | ടി |
| 15 | ടി | 1978 തോട്ടം കാറഡുക്ക | 31.50 | ടി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 16 | കാസറഗോഡ് | 1978 തോട്ടം മുളിയാർ | 132.490 | കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് 13-1-2026-ന് രാവിലെ 11.30 മണിക്ക് |
| 17 | ടി | 1980 തോട്ടം കാറഡുക്ക, മുളിയാർ | 90.75 | ടി |
| 18 | ടി | 1981 തോട്ടം, 1931 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് കാറഡുക്ക | 52 | ടി |
| 19 | ടി | 1981 തോട്ടം കാറഡുക്ക & 1940 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് | 57 | ടി |
| 20 | ടി | 1981 തോട്ടം, 1942,1944 തോട്ടങ്ങളുടെ ഭാഗത്ത് വെച്ച് പിടിപ്പിച്ചത് കാറഡുക്ക | 5.40 | ടി |
| 22 | ടി | 1986 തോട്ടം കനകമജ്ലു റിസർവ്വ് | 15 | ടി |
| 23 | ടി | 1979 തോട്ടം, കിദൂർ (നിർദ്ദിഷ്ട റിസർവ്വ് വനം) | 18.92 | ടി |

13-1-2026-ലെ ലേലത്തിൽ മുകളിൽ പട്ടികയിൽ കാണിച്ചിരിക്കുന്ന ഏതെങ്കിലും യൂണിറ്റിന് ലേലക്കാർ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റുകളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 20-1-2026-ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ചാഫീസിൽ വച്ച് പുനർലേലം ചെയ്യുന്നതായിരിക്കും.

20-1-2026-ലെ പുനർലേലത്തിൽ വെച്ച് ഏതെങ്കിലും യൂണിറ്റിന് ലേലക്കാരൻ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റുകളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 28-1-2026-ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ച് ആഫീസിൽവെച്ച് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും. ലേലക്കാരൻ യഥാസമയം പണമടച്ച് കരാർ ഒപ്പ് വെച്ചില്ലെങ്കിൽ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 3-2-2026-ന് 11.30 മണിക്ക് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
കാസറഗോഡ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.06 02:57:13 +05:30